എടയ്ക്കാട് വയൽ പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതി

511. [700] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടയ്ക്കാട് വയൽ പഞ്ചായത്തിൽ ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പരിശോധിക്കാം.

പുറക്കാട് പഞ്ചായത്തിലെ ശുദ്ധജല വിതരണത്തിനുള്ള പ്രോജക്ടറ് റിപ്പോർട്ട്

512. [705] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ശുദ്ധജലവിതരണം നടത്തുന്നതിനു പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കി കേരളാ വാട്ടർ അതോറിറ്റിക്കു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു എന്തു ചെലവുവരും എന്നു വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) അമ്പലപ്പുഴയിലെ ശുദ്ധജലക്ഷാമമുള്ള പ്രദേശങ്ങളിലേക്ക് നിലവിലുള്ള പദ്ധതികളിൽനിന്നും ശുദ്ധജലവിതരണം നീട്ടുന്നതിനുള്ള ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ട്.

(ബി) ഏകദേശം 18 ലക്ഷം രൂപാ ചെലവുവരും.

(സി) വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

കളംപൂർ നോർത്ത് എൽ. ഐ. സ്കീം

513. [706] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിൽ കളംപൂർ നോർത്ത് എൽ. ഐ. സ്കീമിന്റെ ടെണ്ടർ നോട്ടിഫിക്കേഷൻ കഴിഞ്ഞെങ്കിലും പണി തുടങ്ങിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുള്ള കാരണം എന്താണ് ;

(സി) ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സ്കീമിന്റെ അറകുറപ്പണികൾക്കായി 75,000 രൂപയുടെ ഒരു എസ്റ്റിമേറ് തയ്യാറാക്കുകയും, കഴിഞ്ഞവർഷത്തെ വെള്ളപ്പൊക്കത്തിൽ തകർന്നുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പണത്തിന്റെ അഭാവം കാരണം ഭരണാനുമതി നൽകിയില്ല.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ചു ഏറ്റെടുക്കുന്നതാണ്.

പീരുമേട് ടൗണിലെ ശുദ്ധജലവിതരണത്തിനു ആവശ്യമായ പൈപ്പ്

514. [707] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

പീരുമേട് ടൗണിലെ ശുദ്ധജല വിതരണത്തിന് ആവശ്യമായ പൈപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പനത്തുറയിൽ ഇറിഗേഷൻ വകുപ്പു നിർമ്മിക്കുന്ന പാലം

515. [709] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവല്ലം പഞ്ചായത്തിലെ പനത്തുറയിൽ ഇറിഗേഷൻ വകുപ്പിൽ നിന്നും ഒരുപാലം നിർമ്മിക്കുന്നതിനു തറക്കല്ലു ഇട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്നാണ്; ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്തിട്ടുണ്ടോ ?

(ബി) ടെണ്ടർ തീയതി വീണ്ടും വീണ്ടും നീട്ടുകയുണ്ടായോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലം പണിക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അത് ഉടൻ നൽകുകയും പണി ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവല്ലം പഞ്ചായത്തിൽ പനത്തുറയിൽ ഇറിഗേഷൻ വകുപ്പു നിർമ്മിക്കുന്ന പാലം പണിക്ക് 19-9-1985-ൽ തറക്കല്ലിട്ടു. ഈ പാലത്തിന്റെ പണി ടെണ്ടർ ചെയ്തിരുന്നു.

(ബി, സി, ഡി) പ്രസ്തുത പണിയുടെ എസ്റ്റിമേറിനു ഗവൺമെന്റ് അംഗീകാരം നൽകേണ്ടതുണ്ട്. ഈ പാലത്തിന്റെ പണിയും പനത്തുറയിലെ കടൽഭിത്തിയുടെ നിർമ്മാണവും ചേർത്ത് 66.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്. ഇത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുതുക്കിയ എസ്റ്റിമേറിനു അംഗീകാരം നൽകിയതിനുശേഷമേ പ്രസ്തുത പണിക്ക് ടെണ്ടർ വിളിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് നേരത്തേ വിളിച്ചിരുന്ന ടെണ്ടറിനു ഡിപ്പാർട്ടുമെന്റ് തീയതി നീട്ടിക്കൊടുത്തിരുന്നത്. ടി ടെണ്ടർ 4-9-1986-ൽ തുറന്നു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly